# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 52

06.02.2013ൽ മറുപടിക്ക്.

## വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വൈദ്യുതി ചാർജ്ജ് വർദ്ധനമൂലം സംസ്ഥാനത്തെ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ ഓരോന്നോരോന്നായി ലേ ഓഫിലേക്കും ലോക്കൗട്ടിലേക്കും നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ലേ ഓഫിലും ലോക്കൗട്ടിലും ആയവ എത്ര; | (എ) വൈദ്യുതി ചാർജ്ജ് വർദ്ധന വ്യവസായ സ്ഥാപനങ്ങളുടെ ഉത്പാദനക്ഷമതയെയും ലാഭത്തെയും ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത് മൂലം വ്യവസായ സ്ഥാപനങ്ങൾ വ്യാപകമായി ലേ ഓഫിലേക്കും ലോക്കൗട്ടിലേക്കും നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) വൈദ്യുതി ചാർജ്ജ് വർദ്ധനയും പവർകട്ടും ; സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതചാർജ്ജ് വർദ്ധനവും പവർകട്ടും മൂലം അധികബാധ്യതയുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ ഇത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത സാഹചര്യത്തെ നേരിടാൻ വ്യവസായ വകുപ്പ് പരിഗണിക്കുന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ ? | ഡി) നോൺ കൺവെൻഷനൽ എനർജി ഉത്പാദിപ്പിക്കുന്ന യന്ത്രങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി യൂണിറ്റുകളുടെ സ്ഥിര മൂലധനത്തിന്റെ 10% അധിക ധനസഹായമായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന എന്റർപ്രണേഴ്സ് സപ്പോർട്ട് പദ്ധതിയിലൂടെ നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി പ്രതിസന്ധിമൂലം ഉൽപാദനച്ചെലവിലുണ്ടാകുന്ന വർദ്ധന ഉൽപാദനത്തിലെ മറ്റു ഘടകങ്ങളെ ക്രമീകരിച്ച് പരമാവധി കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ